**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 295** **27-01-2026 - ൽ മറുപടിയ്ക്ക്**

**കുന്നത്തുനാട് മണ്ഡലത്തിലെ ബി.പി.എൽ., എ.എ.വൈ. റേഷൻ കാർഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ ജി ആർ അനിൽ (ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുന്നത്തുനാട് മണ്ഡലത്തിൽ എത്ര പേർക്ക് ബി.പി.എൽ., എ.എ.വൈ. കാർഡുകൾ പുതിയതായി നൽകി എന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കുന്നത്തുനാട് മണ്ഡലത്തിൽ 3874 മുൻഗണന കാർഡിനുള്ള അപേക്ഷകൾ ലഭ്യമായതിൽ അർഹരായ 3206 പേർക്ക് മുൻഗണനാ കാർഡുകളും, 183 എ.എ.വൈ. കാർഡിനുള്ള അപേക്ഷകൾ ലഭിച്ചതിൽ 141 പേർക്ക് എ.എ.വൈ. കാർഡുകളും നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത കാലയളവിൽ കുന്നത്തുനാട് മണ്ഡലത്തിൽ നിന്നും എത്ര അപേക്ഷകളാണ് ബി.പി.എൽ., എ.എ.വൈ. കാർഡുകളാക്കി മാറ്റുന്നതിനുവേണ്ടി ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇതിൽ എത്ര പേർക്കാണ് ബി.പി.എൽ., എ.എ.വൈ. കാർഡുകൾ നൽകിയതെന്നും വ്യക്തമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കുന്നത്തുനാട് മണ്ഡലത്തിൽ 3874 മുൻഗണന കാർഡിനുള്ള അപേക്ഷകൾ ലഭ്യമായതിൽ അർഹരായ 3206 പേർക്ക് മുൻഗണനാ കാർഡുകളും, 183 എ.എ.വൈ. കാർഡിനുള്ള അപേക്ഷകൾ ലഭിച്ചതിൽ 141 പേർക്ക് എ.എ.വൈ. കാർഡുകളും നൽകിയിട്ടുണ്ട്. |
| (സി) | ബി.പി.എൽ., എ.എ.വൈ. കാർഡുകളിലേയ്ക്ക് മാറ്റുന്നതിനായി ലഭിച്ചിട്ടുള്ള അപേക്ഷകളിൽ അർഹരായ മുഴുവൻ പേർക്കും വേഗത്തിൽ കാർഡുകൾ ലഭ്യമാക്കുമോ; വിശദമാക്കാമോ? | (സി) | മുൻഗണനാ കാർഡുകൾക്കുള്ള പൊതുവായ അപേക്ഷകൾ ഓൺലൈൻ ആയിട്ടാണ് സ്വീകരിക്കുന്നത്. ലഭ്യമായ എല്ലാ അപേക്ഷകളും പരിശോധിച്ച് അർഹതപ്പെട്ട എല്ലാവരേയും മുൻഗണനാ വിഭാഗത്തിലേക്ക് തരം മാറ്റിയിട്ടുണ്ട്. നിലവിലെ മാനദണ്ഡങ്ങൾ പ്രകാരം പരിശോധന നടത്തി അർഹരെന്ന് കണ്ടെത്തുന്നവരെ ഒഴിവു വരുന്ന മുറയ്ക്ക് സീനിയോറിറ്റി അടിസ്ഥാനത്തിൽ മുൻഗണനാ വിഭാഗത്തിലേക്ക് തരം മാറ്റി നൽകിവരുന്നു.<br><br>ഗുരുതര രോഗവുമായി ബന്ധപ്പെട്ട മുൻഗണനാ കാർഡുകൾക്കായിട്ടുള്ള അപേക്ഷകൾ നേരിട്ടാണ് സ്വീകരിക്കുന്നത്. മാനദണ്ഡങ്ങൾക്ക് അനുസരിച്ച് പരിശോധന നടത്തി സമയബന്ധിതമായി അപേക്ഷകൾ തീർപ്പാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ